"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ. കുര്യാക്കോസ്. കെ.വി. (PEN 581482), ജോയിന്റ് ഡയറക്ടറുടെ - പ്രൊബേഷൻ - പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.763/2024/LSGD തീയതി,തിരുവനന്തപുരം, 20-04-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 82/2023/തസ്വഭവ തിയതി 11/01/2023
2. തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 04/03/2024 ലെ LSGD/PD/69423/2023-DEH2 നം. കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ. കുര്യാക്കോസ്. കെ.വി. -യുടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായുള്ള പ്രൊപ്പോസൽ, പരാമർശം (2) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രൊബേഷൻ കാലയളവിൽ ശ്രീ. കുര്യാക്കോസ് കെ. വി. പ്രൊബേഷനെ ബാധിക്കുന്ന തരത്തിൽ അവധികൾ എടുത്തിട്ടില്ല എന്ന അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് സഹിതം ടി ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ലായെന്നും, ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും, 20/07/2023-ൽ ടിയാൻ പ്രൊബേഷൻ കാലം പൂർത്തിയാക്കിയിട്ടുള്ളതാണെന്നും ആയതിനാൽ ശ്രീ. കുര്യാക്കോസ് കെ.വി. യുടെ പ്രൊബേഷൻ 21/07/2023 തീയതി പ്രാബല്യത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് ഡയറക്ടർ ശ്രീ. കുര്യാക്കോസ്. കെ.വി. യുടെ (PEN 581482) പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ കെ.എസ്.& എസ്.എസ്.ആർ. ഭാഗം 2, ചട്ടം 20(b) വ്യവസ്ഥകൾക്ക് വിധേയമായി 21/07/2023 തീയതി പ്രാബല്യത്തിൽ, തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

ശ്രീ. കുര്യാക്കോസ് കെ.വി., തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ
(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഇപിബി1/63 /2024 /തസ്വഭവ. നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 20-04-2024 12:02:06
സെക്ഷൻ ഓഫീസർ